

വിശ്വാസ് നിർമിച്ച താൽക്കാലിക വീട് പാലക്കാട് അസിസ്റ്റന്റ് കലക്ടർ ഡോ.അശ്വതി ശ്രീനിവാസ് രുക്മിണിക്ക് കൈമാറുന്നു.

# പേടി വേണ്ട, രുക്മിണിക്ക് ഇനി വീടിന്റെ തണൽ

പാലക്കാട് ● രുക്മിണിക്കു മഴയും കാറ്റും ഇഴജന്തുക്കളെയും പേടിക്കാതെ കിടന്നുറങ്ങാൻ വീടൊരുങ്ങി. കണ്ണാടി പഞ്ചായത്തിൽ കടലക്കുറിശ്ശി നെല്ലിക്കത്തൊടി എ.പി.രുക്മിണിയുടെ ഓലമേഞ്ഞ, വീഴാറായ ഷെഡിൽ ഒറ്റയ്ക്കുള്ള ജീവിതത്തെക്കുറിച്ചു മനോരമ വാർത്ത നൽകിയിരുന്നു.

ഇതു ശ്രദ്ധയിൽപെട്ട 'വിശ്വാസ്' സംഘടനയാണു താൽക്കാലിക വീട് നിർമിച്ചു നൽകിയത്. രുക്മിണിയുടെ കടലക്കുറിശ്ശിയിലെ 3 സെന്റ് സ്ഥലത്തുണ്ടായിരുന്ന ഷെഡ് പൊളിച്ചുനീക്കിയാണു പുതിയ വീട് നിർമിച്ചത്. അസി. കലക്ടർ ഡോ.അശ്വതി ശ്രീനിവാസ് വീടിന്റെ താക്കോൽ കൈമാറി. വിശ്വാസ് വൈസ് പ്രസിഡന്റ് എസ്. ശാന്താദേവി അധ്യക്ഷത വഹിച്ചു. സെക്രട്ടറി പി. പ്രേംനാഥ്, കോഓർഡിനേറ്റർ എം.മനോജ്, ടി.രമേശ്കുമാർ, യുവസ്വരാജ് പ്രസിഡന്റ് ഇക്ബാൽ കുനിശ്ശേരി എന്നിവർ പ്രസംഗിച്ചു.

ലൈഫ് മിഷൻ പദ്ധതി പ്രകാരം രുക്മിണി വീടിനായി നൽകിയ അപേക്ഷയുടെയും ശുചിമുറിയുടെയും കാര്യത്തിൽ ഉടൻ നടപടിയെടുക്കാൻ കലക്ടർ മുഖേന പഞ്ചായത്ത് അധികൃതർക്ക് നിർദേശം നൽകുമെന്ന് അസി. കലക്ടർ അറിയിച്ചു.